പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4598 | 18.05. 2017 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിന്റെ നിലവിലുള്ള കടം

ചോദ്യം

ശ്രീ.പി.ഉണ്ണി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

<table>
<tr><td>(എ) വൈദ്യുതി ബോർഡിന്റെ നിലവിലുള്ള കടം എത്രയെന്ന് വ്യക്തമാക്കാമോ</td><td>(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ നിലവിലുള്ള കടബാദ്ധ്യതകൾ, 31.03.2017 പ്രകാരം ചുവടെ ചേർക്കുന്നു. (ആഡിറ്റ് പൂർത്തിയാകാത്ത താൽക്കാലിക കണക്കു പ്രകാരം)<br><br>
<table>
<tr><td>ദീർഘകാല-ഹ്രസ്വകാല മൊത്തം വായ്പ</td><td>6414.69 കോടി രൂപ</td></tr>
<tr><td>ഓവർ ഡ്രാഫ്റ്റ്/സി.സി</td><td>666.19 കോടി രൂപ</td></tr>
<tr><td>ആകെ</td><td>7080.88 കോടി രൂപ</td></tr>
</table></td></tr>
<tr><td>(ബി) 2011-12 സാമ്പത്തിക വർഷം മുതലുള്ള ഓരോ വർഷത്തേയും ബോർഡിന്റെ വായ്പകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി) 2011-12 സാമ്പത്തിക വർഷം മുതലുള്ള ബോർഡിന്റെ വായ്പകൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td>സാമ്പത്തിക വർഷം</td><td>ദീർഘകാല വായ്പ (തുക കോടിയിൽ)</td><td>പ്രവർത്തന മൂലധന വായ്പ (തുക കോടിയിൽ)</td></tr>
<tr><td>2011-12</td><td>1356.33</td><td>1114.49</td></tr>
<tr><td>2012-13</td><td>2134.20</td><td>1942.97</td></tr>
<tr><td>2013-14</td><td>2957.48</td><td>2303.62</td></tr>
<tr><td>2014-15</td><td>3699.35</td><td>2110.48</td></tr>
<tr><td>2015-16</td><td>3753.51</td><td>2171.94</td></tr>
</table></td></tr>
<tr><td>(സി) കടം കുറച്ചുകൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?</td><td>(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കടം കുറച്ചു കൊണ്ടു വരുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സാമ്പത്തിക വിഭാഗത്തിൽ കൈക്കൊള്ളുന്നതാണ്.<br>മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നതാണ്.<br><br>കേന്ദ്ര സർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി' പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് 15-3-</td></tr>
</table>

| | |
|---|---|
| | 2017-ൽ കേന്ദ്ര സർക്കാരുമായി ഉടമ്പടിയിൽ ഒപ്പുവെച്ചു. പ്രസ്തുത പദ്ധതി പ്രകാരം 'AT & C loss '– ഉം 'റവന്യൂ ഗ്യാപ്പ് –ഉം കുറയ്ക്കുന്നതിനും നടപടി എടുക്കുന്നതാണ്.<br><br>മിതമായ വിലയിൽ ഹ്രസ്വ ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ ബാദ്ധ്യതകൾ കുറച്ചു കൊണ്ടു വരുവാനാണ് ശ്രമിക്കുന്നത്.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ കെ.എസ്.ഇ.ബി. സമർപ്പിച്ചിട്ടുള്ള വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചു തരുന്ന പ്രകാരം താരിഫ് വർദ്ധനവ് നടപ്പിലാക്കുമ്പോൾ ബോർഡിന്റെ കടം കുറയുന്നതാണ്. കേരള സംസ്ഥാന വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റു പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടേണ്ട 1400/- കോടി രൂപ ലഭ്യമാകുമ്പോൾ ബോർഡിന്റെ ബാദ്ധ്യത ഗണ്യമായി കുറയുന്നതാണ്. |

സെക്ഷൻ ഓഫീസർ